**File No.CEE/26/2022-TA2**

**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## <u>വിജ്ഞാപനം</u>

**<u>കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം 2022</u>**

**<u>ഓൺലൈൻ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിന് 17.08.2022 വരെ സമയം ദീർഘിപ്പിച്ചു</u>**

2022 -ലെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിരുന്നവർക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള സമയം **17.08.2022, വൈകുന്നേരം 3.00 മണി വരെ ദീർഘിപ്പിക്കുന്നു.**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM-2022, Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ് . അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ/നേറ്റിവിറ്റി/സംവരണം/മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്.

ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ അപേക്ഷകൻ 17.08.2022, വൈകുന്നേരം 3.00 മണിക്കുള്ളിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ തീയതിക്ക് ശേഷം അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസരം യാതൊരു കാരണവശാലും ദീർഘിപ്പിച്ചു നൽകുന്നതല്ല . എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്കുള്ള സംവരണത്തിനാവശ്യമായ രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിന് പിന്നീട് അവസരം നൽകുന്നതാണ്. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതില്ല.

ഇതുമായി ബന്ധപ്പെട്ട് 03.08.2022, 10.08.2022 എന്നീ തീയതികളിലെ വിജ്ഞാപനങ്ങൾ വെബ്സൈറ്റിൽ നൽകിയിട്ടുള്ളത് ശ്രദ്ധിക്കുക.

**കുറിപ്പ്** – പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് കേരളീയരായവർക്ക് (keralite) മാത്രമാണ് സാമുദായിക/പ്രത്യേക സംവരണത്തിനോ ഫീസ് ആനുകൂല്യങ്ങൾക്കോ അർഹതയുള്ളത്. ഇത്തരം സംവരണം/ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥി സമർപ്പിക്കുകയും അവ അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും കേരളീയനാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത സംവരണം/ആനുകൂല്യം റദ്ദ് ചെയ്യപ്പെടുന്നതാണ്. ആയതിനാൽ കാൻഡിഡേറ്റ് പോർട്ടലിൽ നേറ്റിവിറ്റി മെമ്മോ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്ത് നേറ്റിവിറ്റിയിലെ അപാകത പരിഹരിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.15 10:30:44 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**15/08/2022**